"ഭരണഭാഷ-മാതൃഭാഷ"

# ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം - അയർക്കുന്നം ഗ്രാമപഞ്ചായത്ത് - പെട്രോൾ പമ്പ് കെട്ടിട നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : ശ്രീ. സാബു കുര്യാക്കോസ്, പാതയിൽ ഹൗസ്, മാലം.പി.ഒ, കോട്ടയം-ന്റെ 22.02.2021-ലെ അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKTM/133/2021-C** **തീയതി : 31/03/2021**

---

കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അയർക്കുന്നം വില്ലേജിൽ, ബ്ലോക്ക് നമ്പർ 34-ൽ റീസർവ്വെ നമ്പർ 439/7-ൽപ്പെട്ട 1150 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 169 ച.മീറ്റർ വിസ്തീർണ്ണമുള്ള സെയിൽസ് ബിൽഡിംഗ്, 295.20 ച.മീറ്റർ വിസ്തീർണ്ണമുള്ള കനോപി എന്നിവ നിർമ്മിക്കുന്നതിന് കെ .പി.ബി.ആർ-2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച ഉറപ്പു വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി /ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ-2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.
2. ജില്ലാ കളക്ടർ, ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
3. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
5. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
6. ചട്ടം 5(4-12) പ്രകാരം ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനം ഉറപ്പു വരുത്തണം.
7. ചട്ടം 79(7) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം, ലിക്വിഡ് വെയ്സ്റ്റ് ട്രീറ്റ്മെന്റ് മാനേജ്മെന്റ് പ്ലാന്റ് എന്നിവ പ്ലോട്ടിനുള്ളിൽ സജ്ജീകരിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി നേടിയിരിക്കണം.
9. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
10. പ്രസ്തുത സ്ഥാപനം മൂലമോ, സ്ഥാപനത്തിന്റെ പ്രവർത്തനം മൂലമോ പരിസരവാസികൾക്ക് യാതൊരു വിധത്തിലുമുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്നില്ലെന്ന് സെക്രട്ടറി ഉറപ്പാക്കണം.
11. കെ.പി.ബി.ആർ–2019 അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി . അല്ല. കെ.പി.ബി.ആർ–2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല . കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 21/2021/KTM)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

ശ്രീ. സാബു കുര്യാക്കോസ്, പാതയിൽ ഹൗസ്, മാലം.പി.ഒ, കോട്ടയം–686019
(പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :

1. സെക്രട്ടറി, അയർക്കുന്നം ഗ്രാമപഞ്ചായത്ത്
2. അധികം –1

S/3032021